# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3139** **13.03.2017 ൽ മറുപടിയ്ക്ക്**

## ജൈവ പച്ചക്കറി ഉല്പാദനം

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ജൈവപച്ചക്കറികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നൂതനമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) പച്ചക്കറി കൃഷി വികസനത്തിനായി നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി ജൈവ കൃഷിക്ക് ഊന്നൽ നൽകിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം 2016-17 - ൽ ആകെ 7430 ലക്ഷം രൂപ ഉൾപ്പെടുന്ന വിവിധ ഘടകങ്ങൾ വഴി ആനുകൂല്യങ്ങൾ നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ട്.<br>• പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ<br>• അർബൻ ക്ലസ്റ്റർ പ്രോത്സാഹനം<br>• വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി<br>• പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി<br>• ജില്ലാ ക്ലസ്റ്റർ വികസനം<br>• തരിശു നില കൃഷി<br>• മാധ്യമങ്ങൾ വഴി വിത്ത് വിതരണം -<br>• സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് സഹായം<br>• എൻ.ജി.ഒ കൾ മുഖേന വിത്ത് വിതരണം<br>• 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം<br>• സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം<br>• ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾ<br>• കിഴങ്ങു വർഗ്ഗ വിളകളുടെ വികസനം<br>• നഴ്സറികളുടെ സ്ഥാപനം<br>• മഴ മറകൾ സ്ഥാപിക്കൽ |

- സങ്കര വർഗ്ഗ വിത്തുകളുടെ പരീക്ഷണത്തോട്ടങ്ങൾ
- സൂക്ഷ്മ ജല സേചനവും ഫെർട്ടിഗേഷൻ വഴിയുള്ള വള പ്രയോഗവും-
- സേഫ്-ടു-ഈറ്റ്
- വി.എഫ്.പി.സി.കെ. മുഖാന്തിരം പച്ചക്കറി വികസനം

നല്ല കൃഷിമുറകൾ (ജി.എ.പി) പാലിച്ചു കൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഒരു ക്ലസ്റ്ററിൽ 15 മുതൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷിമുറകൾ പാലിച്ചു കൊണ്ട് കൃഷിവകുപ്പിന്റെ ദർശന മേൽനോട്ടത്തിലാണ് കൃഷി ആരംഭിച്ചിട്ടുള്ളത്. ഒരു ഹെക്ടറിന് 3000/- രൂപയാണ് ധനസഹായം നൽകുന്നത്. കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റൂറൽ കമ്പോസ്റ്റ്, 10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ (1460 റൂറൽ കമ്പോസ്റ്റ് + 1460 മണ്ണിര കമ്പോസ്റ്റ്) ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000/- രൂപ വീതവും മണ്ണിരകമ്പോസ്റ്റ് യൂണിറ്റിന് 7,500/-രൂപ വീതം ധനസഹായവും അനുവദിച്ചു. കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ഉല്പാദിപ്പിക്കുന്ന വിഷരഹിത ഓർഗാനിക് പച്ചക്കറി "കേരള ഓർഗാനിക് " എന്ന ലേബലിൽ ഈ വിഷുവിന് വിപണിയിൽ ഇറക്കുന്നതാണ്

പച്ചക്കറികൾ വിഷവിമുക്തമാക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ച് വരുന്നു. പച്ചക്കറികൾ വിഷവിമുക്തമാക്കുന്നതിനായി ജൈവകൃഷി വ്യാപന പദ്ധതി നടപ്പിലാക്കുന്നു.

| | | | |
|---|---|---|---|
| ബി) | പച്ചക്കറികൾ വിഷവിമുക്തമാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; | ബി) & സി | പച്ചക്കറികൾ വിഷവിമുക്തമാക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല വെജിവാഷ് എന്ന പേരിലുള്ള ഒരു ഉല്പന്നം വികസിപ്പിച്ച് എടുത്തിട്ടുണ്ട്. ഈ സാങ്കേതിക സഹായത്തോ ടെ 30 കമ്പനികൾ ഈ ഉല്പന്നം വിവിധ പേരുകളിൽ വിപണിയിൽ പൊതുജനങ്ങളുടെ ഉപയോഗത്തിനായി എത്തിച്ചിട്ടുണ്ട്. |
| സി. | എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | | ജൈവപച്ചക്കറി എന്ന പേരിൽ മാർക്കറ്റിൽ വിൽക്കുന്ന പച്ചക്കറികളിൽ ഒരു മാസത്തിലൊരിക്കൽ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ ലാബിൽ പരിശോധിച്ച് ഫലം പരസ്യപ്പെടുത്തുന്നു. |
| | | | അയൽ സംസ്ഥാനങ്ങളിൽ നിന്നും അതിർത്തി ജില്ലകളിലേക്കുള്ള കീടനാശിനികളുടെ വരവ് നിരീക്ഷിക്കുവാനും, നിരോധിത കീടനാശിനികളുടെ വരവ് തടയുവാനും ജില്ലാതല വിജിലൻസ് കമ്മിറ്റികൾക്കും സംസ്ഥാനതല വിജിലൻസ് സ്ക്വാഡിനും രൂപം നല്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്ന കർഷകർക്കെതിരെ നടപടി എടുക്കുന്നതിന് നിലവിൽ വ്യവസ്ഥകളില്ല. എന്നാൽ നിരോധിത കീടനാശിനികളുടെയും മാരകമായ മറ്റ് കീടനാശിനികളുടെയും അമിതമായ ഉപയോഗം തടയുന്നതിന് കർഷകരെ |

ഓഫീസർമാരുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിതരണം ചെയ്യാവൂ എന്ന് കർശന നിർദ്ദേശം ഡീലർമാർക്ക് നല്കിയിട്ടുണ്ട്. കൂടാതെ കീടനാശിനി ഉല്പാദകരും, വിതരണക്കാരും കർഷകർക്കും, കർഷക സംഘടനകൾക്കും നേരിട്ട് കീടനാശിനികൾ വില്പന നടത്തുന്നതും നിരോധിച്ചിട്ടുണ്ട്

S. [signature]

**സെക്ഷൻ ഓഫീസർ**